**അപേക്ഷയിൽ അവ്യക്തതയുണ്ടെങ്കിൽ വ്യക്തത വരുത്തുന്നതിനായി അപേക്ഷകനെ ഓഫീസിലേയക്ക് ക്ഷണിക്കുന്നത് സംബന്ധിച്ച സർക്കുലർ**

കേരള സർക്കാർ

**പൊതുഭരണ (ഏകോപന) വകുപ്പ്**

**നം.54876/സി.ഡി.എൻ.5/07/പൊ.ഭ.വ. തിരുവനന്തപുരം തീയതി: 3.12.2007**

**സർക്കുലർ**

**വിഷയം: 2005 ലെ വിവരാവകാശ നിയമം– അപേക്ഷകൾതീർപ്പാക്കുന്നതിനായി അപേക്ഷകനെ ക്ഷണിച്ചുവരുത്തുന്നതു സംബന്ധിച്ച പരാതി– മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

********

2005 ലെ വിവരാവകാശ നിയമപ്രകാരം ലഭിയ്ക്കുന്ന അപേക്ഷകൾ തീർപ്പു കൽപ്പിക്കുന്നതിനായി ചില പൊതു അധികാരികളുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ അപേക്ഷകരെ വിചാരണയ്ക്കായി/ഫയൽ പരിശോധനയ്ക്കായി നേരിട്ട് പ്രസ്തുത സ്ഥാപനത്തിൽ ഹാജരാകണമെന്ന് നോട്ടീസ് നൽകുകയും വിവരങ്ങൾ നിഷേധിക്കുന്ന സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്ന അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെയടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ താഴെ പറയുന്ന വിശദീകരണവും മാർഗ്ഗ നിർദ്ദേശവും പുറപ്പെടുവിക്കുന്നു.

2005 ലെ വിവരാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിന് പ്രസ്തുത നിയമത്തിൽത്തന്നെ സമയ പരിധി നിശ്ചയിച്ചിട്ടുണ്ട്. അപേക്ഷയിൽ അവ്യക്തത ഉണ്ടെങ്കിലും ആവശ്യപ്പെട്ട കാര്യങ്ങളുടെ ബാഹുല്യം കണക്കിലെടുത്തും സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസറുടെ യുക്തിക്കനുസരിച്ച് ഫലപ്രദമായും സമയബന്ധിതമായും അപേക്ഷകൾ തീർപ്പാക്കുന്നതിനുവേണ്ടി സാധാരണ സ്വീകരിക്കാറുള്ള ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. പരാതിക്കാരനെ ഓഫീസിൽ വിളിച്ചു വരുത്തുവാൻ പാടില്ലെന്നോ, വിളിച്ചു വരുത്തേണ്ടതാണെന്നോ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ പരാതിക്കാരനോട് ഓഫീസിൽ ഹാജരാകണം എന്ന് നോട്ടീസ് നൽകുന്നതിൽ അപാകതയൊന്നുമില്ലെങ്കിലും അപേക്ഷകരെ നിർബന്ധിച്ച് വിളിച്ചു വരുത്തുവാനോ അങ്ങനെ ഹാജരായില്ല എന്ന ഒറ്റക്കാരണത്താൽ സമയപരിധിക്കുള്ളിൽ നൽകേണ്ട വിവരങ്ങൾ നിരസിക്കുവാനോ ഉള്ള നിയമപരമായ അധികാരം സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർക്കില്ല. ഇത്തരത്തിൽ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത വിധം സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാർ തീരുമാ നമെടുക്കുന്ന പക്ഷം അവർ പ്രസ്തു നിയമത്തിലെ സെക്ഷൻ 20 പ്രകാരം പിഴ ശിക്ഷാ നടപടികൾക്ക് വിധേയരാകുന്നതാണ്. ആയതിനാൽ 2005 ലെ വിവരാവകാശ നിയമപ്രകാരം ലഭിയ്ക്കുന്ന അപേക്ഷകൾ ആ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതനുസരിച്ച് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ തരത്തിലുള്ള അപാകതകൾ ഒഴിവാക്കിക്കൊണ്ട് തീർപ്പുകൽപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണെന്ന് കർശനമായി നിർദ്ദേശിക്കുന്നു. കൂടാതെ ഈ രീതിയിൽ സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാർ എടുക്കുന്ന തീരുമാനത്തിനെതിരെ ആ സ്ഥാപനത്തിന്റെ അപ്പലേറ്റ് ഓഫീസർക്ക് ഒന്നാം അപ്പീലും അതിനു ശേഷം ഈ അപ്പീലിന്റെ തിരുമാനത്തിനെതിരെ വേണമെങ്കിൽ സംസ്ഥാന വിവരാവകാശ കമ്മീഷന് രണ്ടാം അപ്പീലും നൽകുന്നതിനും നിയമം വ്യവസ്ഥ ചെയ്യുന്നു എന്ന കാര്യവും ശ്രദ്ധയിൽപ്പെടുത്തുന്നു.

പി. പ്രഭാകരൻ

പ്രിൻസിപ്പൽ സെക്രട്ടറി